# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1164** | **06.02.2020 ൽ മറുപടിക്ക്**

### പാലാരിവട്ടം ഫ്ലൈ ഓവറിന്റെ ഭാരപരിശോധന

**ചോദ്യം**

**ശ്രീ.വി.ഡി.സതീശൻ**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) പാലാരിവട്ടം ഫ്ലൈ ഓവറിന്റെ ഭാരപരിശോധന നടത്തണമെന്ന് കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും എത്ര കാലയളവിനുള്ളിൽ പരിശോധന നടപ്പിലാക്കണമെന്നുമാണ് കോടതി നിർദ്ദേശിച്ചത്; | (എ) ഉണ്ട്. പാലാരിവട്ടം ഫ്ലൈ ഓവറിന്റെ ഭാരപരിശോധന 3 മാസക്കാലയളവിനുള്ളിൽ നടത്തണമെന്ന് കേരള ഹൈക്കോടതി 21.11.2019 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) കേരള ഹൈക്കോടതിയുടെ ഉത്തരവിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) IIT റിപ്പോർട്ട്, ഡോ.ഇ.ശ്രീധരൻ സമർപ്പിച്ച റിപ്പോർട്ട്, സർക്കാർ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട്, IRC ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഭാരപരിശോധന അപകടപരമാണ് എന്ന് വിലയിരുത്തിയാണ് സുപ്രീംകോടതിയെ സമീപിച്ചിട്ടുള്ളത്. |
| (സി) ഹൈക്കോടതിയുടെ ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുണ്ടോ എന്നറിയിക്കുമോ;<br>(ഡി) ഇല്ലെങ്കിൽ ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണമെന്താണ്; വ്യക്തമാക്കാമോ? | (സി) & (ഡി) സർക്കാരിന്റെ ഭാഗത്തു നിന്നും കാലതാമസമില്ല. സാങ്കേതിക സാധുതയില്ലാത്തതാണ്. ഭാരപരിശോധന നടത്താനുള്ള പരിധിക്ക പുറത്താണ് കേടുപാടുകൾ എന്നു റിപ്പോർട്ടുകളിൽ സുവ്യക്തമാണ്. സാങ്കേതികമായ കാര്യങ്ങൾ ഒന്നും ബഹു.കോടതി പരിഗണിച്ചതായി അറിയില്ല. ഏതായാലും ബഹു.സുപ്രീം കോടതി വിധി പ്രകാരം കാര്യങ്ങൾ നടത്തുന്നതാണ്. കോൺട്രാക്റ്ററും കോൺട്രാക്റ്ററുടെ സഹായികളായ ചിലരും കൊടുത്ത കേസില്ലെങ്കിൽ 9 മാസത്തിനകം പണി പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കാൻ |

കഴിയുമായിരുന്നു. 3 മാസം മുമ്പ് ശ്രീ. ഇ. ശ്രീധരന്റെ നേതൃത്വത്തിലുള്ള DMRC യെ മന്ത്രിസഭ ചുമതല ഏല്പിച്ചിരുന്നു. കോടതി വിധി മാനിച്ചതിനാൽ അതു തുടങ്ങാൻ സാധിച്ചില്ല.

**സെക്ഷൻ ഓഫീസർ**